# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി12)1916/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി12)1916/21 തീയ്യതി: 04/07/2022

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജിമോൻ .കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി.ഐ - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സുസ്മിത കെ.വി -ഓഡിറ്റ് ഓഫീസർ
സജീവ് എൻ..എം- അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷഹീർ എസ്. - സീനിയർ ഗ്രേഡ് ഓഡിറ്റർ
ബെറ്റ്സി സി.എക്സ് - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.എം.അബ്രോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷിബു.എം.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നീതു.എൻ.എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ജൂണി ചാണ്ടി | വെറ്റിനറി സർജൻ | 01-04-2019 | 19-11-2019 |
| നസിയ റഹ്മാൻ | വെറ്റിനറി സർജൻ | 20-11-2019 | 31-03-2020 |
| ഡോ.ശോഭ | മെഡിക്കൽ ഓഫീസർ, സി,എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന തോമസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഫിലോമിന ടീന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അജിതമോൾ കെ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 27-01-2020 |
| ശ്രീമതി.രമ്യ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-01-2020 | 31-03-2020 |
| ശ്രീമതി.ഷീലിയ എ.സലാം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലാലി .കെ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജസീന്ത.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ജിബിൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീ.വിജയകുമാർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആഷിഫ കെ.എ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Susmitha (Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul Salam T.I (Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Abdul Salam T.I (Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 13-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Abdul Salam T.I (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Abdul Salam T.I (Audit Officer, On 20-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-10 |
| 14 | പിരിവ് തുക വൈകി അടവാക്കിയിരിക്കുന്നു.<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-11 |
| 15 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-12 |
| 16 | ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-13 |
| 17 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |

| | | |
|---|---|---|
| | Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | |
| 18 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-14-1 |
| 19 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-14-2 |
| 20 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-14-3 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-14-4 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-14-5 |
| 23 | സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-14-6 |
| 24 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ<br>Written By: Betsy C.X (Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-15 |
| 25 | കാലാവധി കഴിഞ്ഞ ആയുർവ്വേദ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-16 |
| 26 | കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-17 |
| 27 | ടി.എസ്.പി ഫണ്ട് - വിനിയോഗിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 1-18 |
| 28 | കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്ടോപ്പ് അനുവദിച്ചു<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-19 |
| 29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: K.V.Susmitha (Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-20 |
| 30 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതിയും പിഴയും ഈടാക്കി<br>Written By: Sheheer (Senior Grade Auditor, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.V.Susmitha (Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 17-12-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 17-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 15-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 04-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Salam T.I (Audit Officer, On 15-12-2021)<br>Last Updated By: Joby George (Computer Assistant, On 25-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 14.02.2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 9-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 1,03,10,666.28 | 3,79,73,876 | (+)27663209.72 |
| വരവ് | 26,41,36,459 | 7,55,93,654 | (-)18,85,42,805 |
| ആകെ | 27,44,47,125.28 | 11,35,67,530 | (-)16,08,79,595.28 |
| ചെലവ് | 26,44,39,845 | 7,45,82,330 | (-)18,98,57,515 |
| നീക്കിയിരുപ്പ് | 10007280.28 | 3,89,85,200 | (+)2,89,77,919.72 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 18.85 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 18.98 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇഇപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 71% -ൽ കുറവാണ് വാർഷികധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 28.20% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2019-20 പുതുക്കിയ ബജറ്റ് പ്രകാരം | 2019-20വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 20,00,000 | 19,59,700 | 40,300 |
| വസ്തു നികുതി | 62,00,000 | 45,15,885 | 16,84,115 |
| ഡി & ഒ ലൈസൻസ് | 2,25,000 | 3,36,200 | 1,11,200(+) |
| വാടക | 2,50,000 | 1,87,908 | 62,092 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 04.06.2020 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്ഥാപന തൊഴിൽനികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി സംഗ്രഹം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലുള്ള ഈയിനത്തിലെ വരവുകളുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞില്ല.

4)തൻ വർഷം പലിശ ഇനത്തിൽ വരവ് വന്ന 39861/-രൂപ വാർഷിക ധനകാര്യ പത്രികയിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിനാൽ ലോൺ അക്കൗണ്ടിലെ തിരിച്ചടക്കുവാനുള്ള ബാക്കി തുകയിൽ

വ്യത്യാസം വന്നിട്ടുണ്ട്.

5) വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റ് ബി-18 പ്രകാരം വാട്ടർ അതോറിറ്റിയിൽ 188000/-രൂപയും, കെ.എസ്.ഇ.ബി.യിൽ 1193405/-രൂപയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ നീക്കിയിരിപ്പായി കാണുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഹെഡ്ഡിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 37973876.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 75593654.00 |
| ആകെ | | 113567530.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 74582330.00 |
| നീക്കിയിരിപ്പ് | | 38985200.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 325962.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 31480492 | 31480492 | 15679708 | | 15800784 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4456176 | 4456176 | 2123744 | - | 2332432 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 265000 | 265000 | 64656 | - | 200344 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6221000 | 6221000 | 1955249 | - | 4265751 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4994000 | 4994000 | 1446543 | - | 3547457 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12887177 | 12887177 | 4774911 | - | 8112266 |
| ICDS | 534328 | 697589 | 1231917 | 167602 | 1064315 | |
| ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | 1774 | 108723 | 110497 | 108676 | 1821 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 1000000 | 156000 | 1156000 | 652293 | 503707 | |
| സാക്ഷരത | 7881 | 274 | 8155 | - | 8155 | |
| ദുരിതാശ്വാസ നിധി | 9701 | 3650 | 13351 | - | 13351 | |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 22,64,706/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും 58,824/- രൂപയും ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|---|---|
| 214 | 131369563 | 75 | 54973400 | 40 | 99 | 35.02 |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്തവർഷം സ്പിൽഓവറായി ഉൾപ്പെടുത്തി ചെയ്യുവരുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 37907 | 1256412 | 1294319 | 822869 | 471450 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29544109 | 29544109 | 29544109 | 0 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2019-20 ൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെയും ലഭ്യമായ തൊഴിൽ ദിനങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1415 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1651 |
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 4259 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 5975 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 98721 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ വിവരങ്ങൾ | 73.67 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 497 |

തൻവർഷം പഞ്ചായത്ത് വിവിധ വാർഡുകളിലായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ താഴെപ്പറയുന്നു.

| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം |
|---|---|---|
| 1 | ജൈവവേലി നിർമ്മാണം | 17 |
| 2 | ഫാംപോണ്ട് നിർമ്മാണം | 10 |
| 3 | കയർഭൂവസ്ത്രം വിരിച്ച് പുനരുദ്ധാരണവും ആഴം കൂട്ടലും | 53 |
| 4 | തൊഴിലാളി ഗ്രൂപ്പ് രൂപീകരിച്ച് പാട്ടകൃഷിക്ക് ഭൂവികസനപ്രവർത്തനങ്ങൾ | 27 |
| 5 | തോട് ആഴം കൂട്ടി സൈഡ് സംരക്ഷിച്ച് പുനരുദ്ധാരണം നടത്തൽ | 106 |
| 6 | വ്യക്തിഗത ആസ്തികളുടെ നിർമ്മാണം | 84 |
| 7 | ഭവനപദ്ധതിയിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം | 163 |
| | ആകെ | 460 |

2019-20 ലേക്കുള്ള ആക്ഷൻ പ്ലാൻ പ്രകാരം 20 വാർഡുകളിലായി 1646 പ്രവൃത്തികൾ നടപ്പാക്കാൻ തീരുമാനിച്ചുവെങ്കിലും 460 പ്രവൃത്തികൾ മാത്രമേ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുള്ളൂ.

## 1-6-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2019-20 വർഷത്തെ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരം 1646 പദ്ധതികൾക്കായി 5,96,76,000/- രൂപയുടെ അടങ്കലായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ 2,95,40,749/- രൂപ ചെലവഴിച്ച് കേവലം 460 പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. അതായത് ലക്ഷ്യമിട്ടതിന്റെ 28% പദ്ധതികൾ മാത്രമേ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 തൊഴിൽദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 1415 കുടുംബങ്ങളിൽ 497 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ നൽകുവാൻ സാധിച്ചിട്ടുള്ളൂ. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48480 | 51 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 383400 | 65 |
| വിധവാ പെൻഷൻ | 8163600 | 1324 |
| വാർദ്ധക്യകാല പെൻഷൻ | 16465500 | 3292 |
| വികലാംഗ പെൻഷൻ | 2065900 | 356 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ | 1258800 | 194 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14677/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 214 പദ്ധതികളിൽ ഭാഗികമായി പൂർത്തിയാക്കിയവയുൾപ്പെടെ 115 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ സൂക്ഷിച്ചതായി കാണുന്നില്ല.

2.ഗ്രാമസഭ – മൂന്ന് ഗ്രാമസഭകളും പദ്ധതി രൂപീകരണ ഗ്രാമസഭയും ചേർന്നിട്ടുണ്ട്. മിനട്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
3.തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനവും, ലൈറ്റുകൾ സ്ഥാപിച്ച തീയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4.പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാല യളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.8.2021 | 1.10.20 മുതൽ 31.3.21 വരെ | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.6.16 | 2011-12 മുതൽ 2015-16 വരെ | 11.8.16 |

## 1-11 പിരിവ് തുക വൈകി അടവാക്കിയിരിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി ഡോക്ടർക്ക് 19.09.2019ൽ ഇഷ്യൂ ചെയ്തിരിക്കുന്ന 33783-ാം നമ്പർ രസീത് ബുക്കിലെ ക്രമ നമ്പർ 94 മുതൽ 100വരെയുള്ള രസീത് മുഖേന (പോത്തുകുട്ടി ജനറൽ) ഗുണഭോക്തൃവിഹിതമിനത്തിൽ 02.11.2019 തീയതിയിൽ പിരിച്ചെടുത്ത തുക 35000/- രൂപ 06.12.2019-ലാണ്(രസീത് നം. 11917010) പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്. അതാതു ദിവസത്തെ പിരിവ് തുക അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നിരിക്കെ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുക ഒരു മാസത്തിലധികം വൈകിയാണ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയത്. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി (നം.4) കൊടുത്തതിനു മറുപടിയായി ആശുപത്രി തിരക്കിനിടയിൽ തീയതി തെറ്റായി

രേഖപ്പെടുത്തിയതാണെന്നും, മേലിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്ക് നമ്പർ-48485 ലെയും ക്രമ നമ്പർ 20 മുതൽ 25 വരെയുള്ള രസീത് മുഖേന, (പോത്തുകുട്ടി ജനറൽ) ഗുണഭോക്തൃവിഹിതമിനത്തിൽ 30.02.2020 തീയതിയിൽ പിരിച്ചെടുത്ത തുക 30000/- രൂപ 18.03.2020-ലാണ്(രസീത് നം. 119170106128) പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നത്. കളക്ഷൻ തുക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സാംഖ്യ

1. സാംഖ്യ സ്റ്റേഷനറി ഫോംസ് ഉപയോഗശൂന്യമായത് ക്യാൻസൽ ചെയ്യാതെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതേയും സൂക്ഷിക്കുന്നു.

ഉദാ- സാംഖ്യ സ്റ്റേഷനറി ഫോം നം. 0373902, 0373903,4333056,0374817 മുതലായവ....

2. സാംഖ്യ സോഫ്റ്റ്‌വെയർ പ്രവർത്തനരഹിതമാകുന്ന സന്ദർഭങ്ങളിൽ മാനുവൽ രസീതുകൾ ഉപയോഗപ്പെടുത്തുകയും പിന്നീട് സാംഖ്യ സോഫ്റ്റ്‌വെയറിൽ ഡാറ്റ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണെന്നിരിക്കെ, മാനുവൽ രസീതുകൾ ഉപയോഗപ്പെടുത്താതെ, സ്റ്റേഷനറി ഫോമിൽ പേന ഉപയോഗിച്ച് തുക രേഖപ്പെടുത്തി ക്യാൻസൽ ചെയ്തിരിക്കുന്നു.

ഉദാ- രസീത് നം. 119170102837, 119170102838.

3. സാംഖ്യ രസീത് നമ്പറുകളായ, 119170102839, 119170102840, 119170102841, 119170102842 എന്നിവയിൽ യഥാക്രമം തുക 1രൂപ, 2/-, 1/-, 2/- എന്നിങ്ങനെ സാംഖ്യ സ്റ്റേഷനറി ഫോമിൽ പേന ഉപയോഗിച്ച് തുക രേഖപ്പെടുത്തി, ഡേ ബുക്കിൽ സെയിൽ ഓഫ് ഫോംസ് എന്ന ട്രാൻസാക്ഷൻ ടൈപ്പിൽ, ടി.എ.-യുടെ പേരിൽ വരവ് കാണിക്കുന്നു.

4. ഡേ ബുക്ക് അതാത് ദിവസം തന്നെ പ്രിന്റെടുത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
ഉദാ-

| ഡേ ബുക്ക് തീയതി | പ്രിന്റെടുത്ത തീയതി |
|---|---|
| 17.06.2019 | 23.06.2019 |
| 16.07.2019 | 06.08.2019 |
| 30.11.2019 | 16.12.2019 |

മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി (നം.5)കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മാനുവൽ രസീത്

1. മാനുവൽ രസീത് മുഖേനയുള്ള പിരിവിന്റെ, പിരിവ് രജിസ്റ്ററുകളൊന്നും തന്നെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മാനുവൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 48476, 48495, 48496

മാനുവൽ രസീത് - നിർവ്വഹണോദ്യോഗസ്ഥർ

3. സാമ്പത്തിക വർഷത്തിന് ശേഷം ബാക്കി വന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 48471, 48475

4. ക്യാൻസൽ ചെയ്ത രസീത് നമ്പറുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 48476

5. മാനുവൽ രസീതുകളിൽ തീയതിയും തുകയും രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 48485, 48495, 48496 മുതലായവ...

രസീത് സംബന്ധമായ അപാകതകളെല്ലാം പരിഹരിക്കാൻ വേണ്ട നടപടിയെടുത്ത് അറിയിക്കേണ്ടതാണ്.

## 1-13 ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 3 പ്രകാരം, മെഷീൻ നമ്പറോടുകൂടിയ, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന (ഓരോന്നിലേയും ഫാറങ്ങളുടെ എണ്ണം സഹിതം) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്ത, ബുക്ക് നമ്പറും രസീത്

നമ്പറും ഇല്ലാത്ത, ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പ് എടുക്കാൻ പറ്റാത്ത, രസീത് ബുക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. കൂടാതെ പഴക്കം കൊണ്ടും പ്രളയം മൂലവും നശിച്ച് തുടങ്ങിയ കളക്ഷൻ രജിസ്റ്ററാണ് ഉപയോഗിക്കുന്നത്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഈ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ 2019-20 ലെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

### 1-14-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 612 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. |
|---|---|---|---|
| 1 | പി ടി ദിവാകരൻ സൺസ് പൂവന്തറ സോമിൽ, മുറവൻതുരുത്ത് | ബിനുമോൻ | 15/19-20 |
| 2 | ജെൽസൺ ഇൻഡസ്ട്രീസ്, കുഞ്ഞിത്തൈ | ജൂഡ്സൺ വി ജെ | 29/19-20 |
| 3 | പുഴക്കരേടത്ത് സോമിൽ, മടപ്ലാതുരുത്ത് | സുലഭ എം ജി | 28/19-20 |
| 4 | പൗർണ്ണമി എന്റർപ്രൈസസ്, മാല്ല്യങ്കര | കെ ജോർജ് ലൂയീസ് | 39/19-20 |
| 5 | വിഷ്ണു ഓട്ടോ വർക്ക്സ്, മാല്ല്യങ്കര | ദിലീപ് എൻ വി | 55/19-20 |
| 6 | എ എം ഐസ് സ്റ്റോറേജ്, മാല്ല്യങ്കര | അനീഷ് കെ എ & സനീഷ് കെ എ | 64/19-20 |
| 7 | ഹിൽട്ടൺ ഫ്യൂവൽസ്, കുഞ്ഞിത്തൈ | ഷാഹിത ടി എ | 61/19-20 |
| 8 | എഎം-പിഎം മറൈൻ എഞ്ചിനീയറിംഗ്, കുഞ്ഞിത്തൈ | അനീഷ് കെ എ | 65/19-20 |
| 9 | സെൻവിക്ക് ഫാർമ പ്രൈ. ലിമിറ്റഡ്, മാല്ല്യങ്കര | നന്ദനൻ കെ കെ | 106/19-20 |
| 10 | ജലശ്രീ ഐസ് പ്ലാന്റ്, കുഞ്ഞിത്തൈ | മുഹമ്മദ് ഷാരി | 120/19-20 |
| 11 | അന്ന ചന്ദ്ര മറൈൻ അസോസിയേറ്റ്സ്, മാല്ല്യങ്കര | സാംബൻ എന്ന ശിവൻ | 123/19-20 |
| 12 | മാളിയേക്കൽ ഇൻഡസ്ട്രീസ്, മാല്ല്യങ്കര | ജോഷി | 126/19-20 |

| | | | |
|---|---|---|---|
| 13 | ആലപ്പാട്ട് ഇൻഡസ്ട്രീസ്, കുഞ്ഞിത്തൈ | വർഗ്ഗീസ് ആന്റണി | 131/19-20 |
| 14 | എസ്സാർ പാക്ക്, മടപ്ലാതുരുത്ത് | ഗിരീഷ് പി എസ് | 149/19-20 |
| 15 | മാടവന ഐസ് പ്ലാന്റ്, മാല്ല്യങ്കര | ജോഷി | 171/19-20 |
| 16 | മാരീസ് ഇൻഡസ്ട്രീസ്, കുഞ്ഞിത്തൈ | ജഗദീഷ് ചന്ദ്രബോസ് | 173/19-20 |
| 17 | പള്ളത്ത് എന്റർപ്രൈസസ്, കുഞ്ഞിത്തൈ | നസീർ പി എ | 175/19-20 |
| 18 | അരവിന്ദ് ഓട്ടോ മറൈൻ ഇൻഡസ്ട്രീസ്, മാല്ല്യങ്കര | ബിനോയ് കെ അരവിന്ദ് | 183/19-20 |
| 19 | എ മറൈൻ പീലിംഗ് ഷെഡ്, മാല്ല്യാങ്കര | പി ടി ഫ്രാൻസീസ് | 203/19-20 |
| 20 | ആരോമ ഐസ് ഫാക്ടറി, മാല്യങ്കര | പി കെ ശിവദാസൻ | 218/19-20 |
| 21 | ആൻസ് മറൈൻ ബോട്ട് ബിൽഡിംഗ് & റിപ്പറിംഗ് യാർഡ് | ഫ്രഡി ഫിലിപ്പ് എ | 239/19-20 |
| 22 | അടിപറമ്പിൽ മറൈൻ, കുഞ്ഞിത്തൈ | സനിലൻ | 302/19-20 |
| 23 | ഈരേഴത്ത് ഇൻഡസ്ട്രീസ്, മാല്ല്യങ്കര | രമാദേവി | 323/19-20 |

കൂടുതൽ ജീവനക്കാരുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-14-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | കെ എസ് സുധി |
| 2 | ഷൈൻ എ വില്ല്യംസ് |
| 3 | സാബു ടി ജെ |
| 4 | ഹർഷൻ വി വി |
| 5 | ഷാനവാസ് സി എസ് |
| 6 | ഗോകുൽശക്തി |
| 7 | പി വി സുനിൽ ബാബു |
| 8 | രാജേഷ് കെ വി |
| 9 | സാലി പി ജെ |
| 10 | ജയരാജ് |
| 11 | കെ ജി ഫ്രാൻസീസ് |
| 12 | സജീവ് കെ ആർ |
| 13 | സാബു പി കെ |
| 14 | മനോജ് കെ എം |
| 15 | ബൈജു വി എസ് |
| 16 | അഖിൽ എ ആർ |
| 17 | എം എം ദിലീപ് |
| 18 | മഹേഷ് കെ എം |
| 19 | രാഗേഷ് കെ എം |
| 20 | പി എസ് ശക്തീധരൻ |
| 21 | ഒ പി ബിജു |
| 22 | അനീഷ് സി എസ് |

## 1-14-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | തിരുത്തിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I |
| 2 | കുര്യാപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം | I |
| 3 | വാവക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I |
| 4 | കൊട്ടുവള്ളിക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | അക്ഷയ ഇ കേന്ദ്രം, തിരുത്തിപ്പുറം | I &II |
| 6 | അക്ഷയ ഇ കേന്ദ്രം, കൊട്ടുവള്ളിക്കാട് | I &II |
| 7 | വടക്കേക്കര ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ഡ്രൈവർ | I &II |
| 8 | ഹിന്ദു മത ധർമ്മ പരിപാലന സഭ, വടക്കേക്കര | I |
| 9 | ഗ്രാമ സേവാ സംഘം, വടക്കേക്കര | I &II |

## 1-14-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ ഓഫീസ്, മൂത്തകുന്നം | I &II |
| 2 | കെ എസ് ഇ ബി ലിമിറ്റഡ്, ഇലക്ട്രിക്കൽ സെക്ഷൻ, മൂത്തകുന്നം | I &II |
| 3 | എസ് എൻ എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, മാല്യങ്കര | I &II |
| 4 | സെന്റ് ലൂയീസ് സാധുജന സഹായ സംഘം, തുരുത്തിപ്പുറം | I &II |
| 5 | ഹിന്ദു ധർമ്മ പരിപാലന യോഗം, അണ്ടിപ്പിള്ളിക്കാവ് | I &II |
| 6 | ഭാരത് റൂറൽ ഹോസ്പിറ്റൽ & ടൈനിംഗ് സെന്റർ, മൂത്തകുന്നം | I &II |
| 7 | ദി തിരുത്തിപ്പുറം മരണ സഹായ സംഘം | I &II |
| 8 | എസ് എൻ എം കോളേജ്, മാല്യങ്കര | I &II |
| 9 | ഉണ്ണി മിശിഹ സഹായ സംഘം, മടപ്ലാതുരുത്ത് | I &II |
| 10 | എസ് എൻ എം പ്രൈ. എടിഇ ഐ ടി ഐ, അണ്ടിപ്പിള്ളിക്കാവ് | I &II |
| 11 | തുരുത്തിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 12 | കുര്യാപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 13 | വാവക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 14 | കൊട്ടുവള്ളിക്കാട് ക്ഷീരേൽപാദക സഹകരണ സംഘം | I &II |
| 15 | അക്ഷയ ഇ കേന്ദ്രം, തുരുത്തിപ്പുറം | I &II |
| 16 | അക്ഷയ ഇ കേന്ദ്രം, കൊട്ടുവള്ളിക്കാട് | I &II |
| 17 | ഹിന്ദു മത ധർമ്മ പരിപാലന സഭ, വടക്കേക്കര | I &II |
| 18 | ഗ്രാമ സേവാ സംഘം, വടക്കേക്കര | I &II |

## 1-14-6 സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കതായി കാണുന്നില്ല. സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| മാവേലി സ്റ്റോർ, വാവക്കാട് | 1 | 3 |
| മാവേലി സൂപ്പർ മാർക്കറ്റ്, മൂത്തകുന്നം | 2 | 6 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.01/09.12.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

ജി.ഒ.(പി) നമ്പർ 80/2017 തസ്വഭവ തീയതി, 31.10.2017 പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. അതിൻപ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരംതിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2019-20 സാമ്പത്തിക വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനോടനുബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല. ലൈസൻസിനും, ലൈസൻസ് പുതുക്കി നൽകുന്നതിനുമുള്ള എല്ലാ അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിലെ ക്രമപ്രകാരം,ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-16 കാലാവധി കഴിഞ്ഞ ആയുർവ്വേദ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു

പ്രൊജക്ട് നം. 128/20 – വാവക്കാട് ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 800000/- രൂപ (വികസന ഫണ്ട് (പൊതു വിഭാഗം) - 600000/- രൂപ, മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 200000/-രൂപ)

ചെലവ് - 800000/- രൂപ (ബിൽ നം. 1/19-20/25.11.2019 തുക – 600000/- രൂപ, ബിൽ നം. 2/19-20/06.11.2019 തുക – 200000/- രൂപ)

2019-20 വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം 800000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള ചില മരുന്നുകളുടെ കാലാവധി കഴിഞ്ഞും സ്റ്റോക്കിൽ സൂക്ഷിച്ചതായി കാണുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ഇൻവോയ്സിലെ ക്രമ നം. | മരുന്നിന്റെ പേര് (ബാച്ച് നം.) | എക്സ്പെയർ മാസം/ വർഷം | നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 90142105/ 30.11.2019 | 33 & 34 | Kanjunnyadi Thylam 200ML (T108182 & T10176) | 12/2020 & 08/2020 | 66/Bottel | 11.12.2019 ന് സ്റ്റോക്കിലെടുത്തിട്ടുള്ള (28 ബോട്ടിൽ) മരുന്നുകളിൽ ഒന്നും തന്നെ വിതരണം ചെയ്തിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 51A) |
| 2 | 90150212/ 31.01.2020 | 16 | Rasnadi Choornam 500GM (C131914) | 12/2021 | 245/Packet | 08.02.2020 ന് സ്റ്റോക്കിലെടുത്തിട്ടുള്ള (16 പാക്കറ്റിൽ) മരുന്നുകളിൽ ഒന്നും തന്നെ വിതരണം ചെയ്തിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 15A & 69) |

| | | | | | | |
|---|---|---|---|---|---|---|
| 3 | „ | 21 | Varanadhi Kashayam 200ML (D271919) | 12/2021 | 50/Bottel | 08.02.2020 ന് സ്റ്റോക്കിലെടുത്തിട്ടുള്ള (64 ബോട്ടിൽ) മരുന്നുകളിൽ വിതരണം ചെയ്യാത്ത 16 ബോട്ടിൽ സ്റ്റോക്കിൽ ബാലൻസുണ്ട്. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 32) |
| 4 | 90154179/ 28.02.2020 | 2 | Vaiswanara Choornam 500GM (C151913) | 12/2021 | 210/Packet | 14.03.2020 ന് സ്റ്റോക്കിലെടുത്തിട്ടുള്ള (40 പാക്കറ്റ്) മരുന്നുകളിൽ വിതരണം ചെയ്യാത്ത 30 പാക്കറ്റ് സ്റ്റോക്കിൽ ബാലൻസുണ്ട്.(സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 37 & 73A) |
| 5 | „ | 10 & 11 | Pramehoushadhi 250GM (PT081959 & PT081946) | 12/2021 | 161/Bottel | 14.03.2020 ന് സ്റ്റോക്കിലെടുത്തിട്ടുള്ള (240 ബോട്ടിൽ) മരുന്നുകളിൽ ഒന്നും തന്നെ വിതരണം ചെയ്തിട്ടില്ല. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 28, 56 & 87) |

മേൽ പ്രകാരം കാലാവധി കഴിഞ്ഞ / കഴിയാറായ മരുന്നുകൾ സമയപരിധിക്കുള്ളിൽ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/14.12.2021) ലോക്ക്ഡൗൺ മൂലം സ്ഥാപനത്തിൽ രോഗികൾ കുറവായി വന്നതുകാരണമാണ് മരുന്നുകൾ സ്റ്റോക്കിൽ ബാലൻസ് വന്നതെന്നും ഭാവിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകൾ ഉപയോഗയോഗ്യമാണ് എന്ന് ഉറപ്പുവരുത്തിയശേഷം മാത്രം സ്റ്റോക്കിലെടുക്കേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യതയും നിർവഹണഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-17 കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം. 138, കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം

അടങ്കൽ - 600000/- രൂപ (വികസന ഫണ്ട് - 400000/- രൂപ, മറ്റ് ബ്ലോക്ക് പഞ്ചായത്ത് - 200000/-രൂപ)

ചെലവ് - 600000/- രൂപ (വികസന ഫണ്ട് - 400000/- രൂപ, മറ്റ് ബ്ലോക്ക് പഞ്ചായത്ത് - 200000/-രൂപ)

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് താഴെ പറയുന്ന ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി (തുക) | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി (തുക) |
|---|---|---|
| 1 | 08/19-20/03.01.2020 (47962 രൂപ) | PRF3246/14.12.2019 (47962 രൂപ) |
| 2 | 13/19-20/18.03.2020 (41924/- രൂപ) | PRF4586/13.02.2020 (41924/-രൂപ) |
| 3 | 14/19-20/18.03.2020 (26076/- രൂപ) | PRF4304/01.02.2020 (26076/- രൂപ) |
| ആകെ പ്രൊഫോർമ ഇൻവോയ്സ് തുക | | 115962/- രൂപ |

പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

എ) കെ.എം.എസ്.സി.എലിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡെയ്റ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ.

ബി) കെ.എം.എസ്.സി.എലിന്റെ അക്കൗണ്ട് നം. 3624001800000019 (പഞ്ചാബ് നാഷണൽ ബാങ്ക്) ആണ്. എന്നാൽ ക്രമ നം. 1 ലെ ബിൽ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ള അക്കൗണ്ട് നം. 67338209967 ഉം ക്രമ നം. 3 ലെ ബിൽ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ള അക്കൗണ്ട് നം. 1125020014700 ഉം ആണ്. മേൽ ബാങ്ക് അക്കൗണ്ടുകൾ കെ.എം.എസ്.സി.എലിന്റെ ബാങ്ക് അക്കൗണ്ടുകളാണ് എന്നതിനുള്ള രേഖകൾ.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/16.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കെ.എം.എസ്.സി.എലിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡെയ്റ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധനയ്ക്ക് നൽകുന്നത് വരെ ഈ ഇനത്തിലുള്ള 115962/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. 67338209967, 1125020014700 എന്നീ അക്കൗണ്ട് നമ്പറുകൾ കെ.എം.എസ്.സി.എലിന്റെ ബാങ്ക് അക്കൗണ്ടുകളാണ് എന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ടി.എസ്.പി ഫണ്ട് - വിനിയോഗിച്ചില്ല

2019-20 വർഷം വിവാഹധനസഹായം, ഗാർഹിക കുടിവെള്ളകണക്ഷൻ എന്നീ പദ്ധതികൾക്കായി ആകെ 95000/-രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. ഓഡിറ്റ് എൻക്വയറി-3/13.12.21 ന് മറുപടിയായി വിവാഹം നടക്കാതിരുന്നതിനാലും കുടിവെള്ള കണക്ഷനായി തെരഞ്ഞെടുത്തവർ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാലുമാണ് ആനുകൂല്യം നൽകാൻ കഴിയാതെ വന്നത് എന്ന് വിശദീകരിച്ചിട്ടുണ്ട്. ടി.എസ്.പി ഫണ്ട് ലാപ്സാവാതെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കോഴ്സ് പൂർത്തീകരിച്ചതിനുശേഷം ലാപ്ടോപ്പ് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം. 7/19-20, എസ്.സി.പ്രൊഫഷണൽ / ബിരുദവിദ്യാർത്ഥികൾക്ക് ലാപ് ടോപ്

അടങ്കൽ-181624 (വികസന ഫണ്ട്-എസ്.സി.പി)

ചെലവ് - 181624

ബിൽ നം- 14/31.3.20

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 2019-20 ലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കെൽട്രോണിന് (ഐ.ടി.മിഷന്) 31.3.20 ന് ലാപ്ടോപ്പിനായി തുക നൽകിയെങ്കിലും ഒക്ടോബർ 2020 ൽ മാത്രമാണ് ലാപ്ടോപ്പുകൾ ലഭിച്ചത്.

2020 വർഷത്തിൽ 8 ഗുണഭോക്താക്കൾക്ക് ലാപ് ടോപ് വിതരണം ചെയ്തതിൽ അർഹതാ രേഖകൾ പ്രകാരം 2019 - 20വർഷത്തിൽ പഠനം പൂർത്തിയാക്കിയ താഴെ പറയുന്ന 5 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഇൻവോയ്സുകൾ, കരാർ എന്നിവ പ്രകാരം 10/20 ലാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. പഠനം അവസാനിച്ചതിനുശേഷം ലാപ്ടോപ്പുകൾ നൽകിയതിനാൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർണ്ണമാകുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് |
|---|---|
| രഞ്ജിത രാജേഷ് | ബി.എ.എകണോമിക്സ്, ലക്ഷ്മി കോളേജ് |
| സുധിന.കെ.എസ് | ബി.എ.എകണോമിക്സ് , എസ്.എൻ.എം.കോളേജ് |
| അമ്മു.ടി.ടി | ബി.എ.എകണോമിക്സ് , എസ്.എൻ.എം.കോളേജ് |
| അജിത.ടി.എ | ബി.എഡ്., സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ് |
| നന്ദിത.ഒ.ആർ | ബി.എ.എകണോമിക്സ് , എസ്.എൻ.എം.കോളേജ് |

കോഴ്സ് നടന്നുകൊണ്ടിരിക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ മാത്രമേ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുകയുള്ളൂ. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നൽകേണ്ട ലാപ്ടോപ് വിദ്യാഭ്യാസ കാലയളവിന് ശേഷം വിതരണം ചെയ്യുവാനിടയായത് പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി-3/13.12.21 ന് മറുപടിയായി 2019-20 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് നൽകിയത്

എന്നും കെൽട്രോണിൽ നിന്നും ലാപ്ടോപ് ലഭ്യമാകാൻ കാലതാമസം വന്നതിനാലാണ് വിതരണം വൈകിയത് എന്നുമാണ് മറുപടി നൽകിയത്.

കോഴ്സ് നടന്നുകൊണ്ടിരിക്കെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിരുന്നുവെങ്കിൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നൽകുന്ന ലാപ്ടോപ് പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് മാത്രം വിതരണം ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം -സെക്രട്ടറി

പ്രൊജക്ട്- എ.ബി.സി. പ്രൊഗ്രാം – 82/20

അടങ്കൽ - 315000(പ്ലാൻ)

ചെലവ് – ബിൽ നം - 8/21.8.19-210000

എ.ബി.സി പ്രൊഗ്രാം നടപ്പിലാക്കുന്നതിനായി പദ്ധതി തുക കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയോ എന്ന് അറിയിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി -11/17.12.21). വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-21 ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതിയും പിഴയും ഈടാക്കി

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 08/14.12.2021) പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 1750/- രൂപയും പിഴ ഇനത്തിൽ 473/- രൂപയും ഈടാക്കിയിട്ടുണ്ട് (രസീത് നം. 121170102750/15.12.2021 & 121170102772/17.12.2021).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 200000 | പെയിൻ & പാലിയേറ്റിവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 19-20 | 200000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്കോളർഷിപ്പ് | | |
| ആകെ | | | 400000 | | 400000 | |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 1000000 | ചക്കമശ്ശേരി സെൻട്രൽ ക്രോസ്സ് റോഡ് | 834423 | 165577 |
| ജില്ലാ പഞ്ചായത്ത് | - | 2018-19 | 313400 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 313400 | 0 |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 4200000 + 600000 | ലൈഫ് ഭവന പദ്ധതി | 600000 | 4200000 |
| ജില്ലാ പഞ്ചായത്ത് | | 2019-20 | 289525 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 289525 | |
| ആകെ | | | 6402925 | | 2037348 | 4365577 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. എം.എസ് 530/2019 തസ്വഭവ തീയതി-18-02-2010 | | 1443750 | 1148328 | . | 295422* |
| ലൈഫ് ഭവന പദ്ധതി -കെ.യു.ആർ.ഡി. എഫ്.സി | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | 3960000 | 33479861 | 2323530 | - | 35116331 |

*ഇ.എം.എസ് ഭവന പദ്ധതിയിൽ വർഷാരംഭത്തിൽ 1443750/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നുവെങ്കിലും തൻവർഷം 1148328/-രൂപ അടവാക്കി ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. ബാക്കി തുക വാർഷിക ധനകാര്യപത്രികയിൽ അഡ്ജസ്റ്റ്മെന്റ് എൻട്രി വരുത്തിയിട്ടുണ്ട്. അതിനാൽ തിരിച്ചടക്കാൻ തുകയൊന്നും ബാക്കിയില്ല. വാർഷിക ധനകാര്യപത്രികയിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ നീക്കിയിരിപ്പ് 35076470/-രൂപയാണ്. ഖണ്ഡികയിലെ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുമായി 39861/-രൂപയുടെ വ്യത്യാസം ഉണ്ട്. പലിശ ഇനത്തിൽ വരവ് വന്നത് ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിനാലാണ് ഇപ്രകാരം വ്യത്യാസം കാണുന്നത്.

## 4-6 സ്ഥിര നിക്ഷേപം

തൻവർഷം സ്ഥിര നിക്ഷേപം ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 2-2 | 360 | ജെ.ജെ.കൺസേൺ | 119170100864/28.5.19 |
| 2017-18 | 2-1 C | 1250 | നിരഞ്ജൻ | 119170100938/4.6.19 |
| 2017-18 | 2-1 B | 1500 | ഉരുത്തിപ്പുറം ക്ഷീരസംഘം | 119170102448/9.12.19 |
| 2017-18 | 6-b-3 | 600 | മടപ്പാതുരുത്ത് ക്ഷീരസംഘം | 119170104166 /25.1.20 |
| 2017-18 | | 3 | വിനമോൻ | 119170105054/17.2.20 |
| 2017-18 | | 10 | രാജേന്ദ്രൻ | 119170105055/17.2.20 |
| 2017-18 | | 9 | ആന്റണി ഡിസിൽവ | 119170105058/17.2.20 |
| 2017-18 | | 150 | ജോഷി | 119170105059/17.2.20 |
| 2017-18 | | 1 | ജോസഫ് | 119170105060/17.2.20 |
| 2017-18 | 3-5 | 5711 | സാബു | 119170100536/6.5.19 |
| 2017-18 | 3-6 | 1999 | സുനിൽബാബു | 119170100834/27.5.19 |
| ആകെ | | 11593 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | BSNL ഒഴികെ, തുക ഒടുക്കിയിട്ടുണ്ട് |
| | 2-3 | | 2-3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |
| 2015-16 | 2-2 | | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 75593654.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 74582330.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 325962.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 115962 | ഡോ.ശോഭ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-20 | 210000 | ശ്രീ.ഷിബു , സെക്രട്ടറി |
| ആകെ | 325962 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബു.എം.കെ സെക്രട്ടറി | സെക്രട്ടറി പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | മംഗലംപറമ്പിൽ, മനയ്ക്കപ്പടി , കരുമാല്ലൂർ, പി.ഒ, പറവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017/26.07.2017 |
| 2017-18 | കെ എസ് എ- ഇ കെ എം(പി12) 10/2019/23.03.2019 |
| 2018-19 | കെ എസ് എ- ഇ കെ എം(പി12)248/2020/18.03.2020 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്